**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 536** **24-08-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സാമ്പത്തിക നയങ്ങളുടെ ഭാഗമായി ജി.എസ്.ടി. നടപ്പാക്കിയും പായ്ക്ക് ചെയ്തു വിൽക്കുന്നതും അല്ലാത്തതുമായ എല്ലാ ഉല്പന്നങ്ങളെയും അടിക്കടി ജി.എസ്.ടി. പരിധിയിലാക്കിയും അതുമൂലം സംസ്ഥാനത്തുണ്ടാകുന്ന സമ്പദ്‌വ്യവസ്ഥയിലെ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ജി.എസ്.ടി നിലവിൽ വന്നതോടു കൂട സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേ ഒറ്റയ്ക്ക് തീരുമാനം എടുക്കാൻ കഴിയില്ല പ്രാപ്യസ്ഥാനാധിഷ്ഠിതമായ ജി.എസ്.ടി നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കും എന്നാണ പ്രതീക്ഷിച്ചതെങ്കിലും, നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ല. ജി.എസ്.ടി തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാന പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും കോവിഡും പ്രകൃതി ദുരന്തങ്ങള ഏൽപ്പിച്ച ആഘാതങ്ങളും ജി.എസ്.ടി വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് പ്രധാനകാരണങ്ങൾ ആണ്. ജി.എസ്.ടി നിയമം പൂർണ്ണമായു വ്യവസ്ഥിതമായിട്ടില്ല. ജി.എസ്.ടി യുടെ തുടക്കത്തിൽ ഉണ്ടായിരുന്നതിൽ നിന്നു പലതരത്തിലുള്ള ഒഴിവാക്കലുകള കൂട്ടിച്ചേർക്കലുകളും ജി.എസ്.ടി നിയമത്തിലു ചട്ടങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു കോവിഡ് ലോക്ക്ഡൗൺ സാഹചര്യങ്ങൾ ഉണ്ടാക്കിയ പ്രതിസന്ധികൾക്കിടയിൽ ജി.എസ്.ടി നഷ്ടപരിഹാരം കൂട നിർത്തലാക്കുന്നത് സംസ്ഥാന സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കു എന്നാണ് കണക്കാക്കുന്നത്.<br><br>അരിയുൾപ്പെടെയുള്ള "യൂണിറ്റ് കണ്ടെയ്നറിൽ പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ബ്രാൻഡ് നെയി ഉള്ളതുമായ നിർദ്ദിഷ്ട സാധനങ്ങൾ"- ക നേരത്തെ ബാധകമായിരുന്ന 5ശതമാന |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി "മുൻകൂറായി പായ്ക്ക് ചെയ്ത് ലേബത് ചെയ്തിട്ടുള്ള നിർദ്ദിഷ്ട സാധനങ്ങൾ' എന്നതാക്കി മാറ്റുവാൻ നാല്പത്തിഏഴാമത ജി.എസ്.ടി കൗൺസിൽ മീറ്റിംഗിത് തീരുമാനമെടുത്തു. ഈ നികുത് സാധാരണക്കാരെ പ്രതികൂലമായ് ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളു സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | ഇത്തരം കേന്ദ്ര സർക്കാർ നടപടിമൂലം സംസ്ഥാനത്തുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധിയും പൊതുജനങ്ങൾക്കുണ്ടാകുന്ന വിലകയറ്റവും, ദുരിതങ്ങളും എത്രത്തോളമെന്നുള്ളതും സർക്കാർ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പായ്ക്ക് ചെയ്ത ഭക്ഷ്യ വസ്തുക്കൾക്ക് ജി.എസ്.ട് ഏർപ്പെടുത്താനുള്ള ജി.എസ്.ടി കൗൺസിത് തീരുമാനം ഭക്ഷ്യ വസ്തുക്കളുട വിലക്കയറ്റത്തിന് കാരണമാകും എന്ന കരുതപ്പെടുന്നു. ജി.എസ്.ടി നഷ്ടപരിഹാര നൽകുന്നത് നിർത്തലാക്കിയതും പൊതു വിപണിയിൽ നിന്നും കടം എടുക്കുന്നതിന കേന്ദ്ര സർക്കാർ കർശന നിയന്ത്രണങ്ങ ഏർപ്പെടുത്തിയിട്ടുള്ളതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ കാര്യമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകും. ഭക്ഷ വസ്തുക്കൾക്ക് കൂടുതൽ നികുതി ചുമത്തുന്നത മൂലമുണ്ടാകുന്ന വിലക്കയറ്റം ജനങ്ങൾക്ക ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യം ഒഴിവാക്കാൻ വിപണിയിൽ കൂടുതലായി ഇടപെടേണ്ട വരുന്നതും സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂർച്ഛിപ്പിക്കും. |
| (സി) | പ്രസ്തുത കേന്ദ്ര സർക്കാർ നയങ്ങളിൽ മാറ്റം വരുത്തുവാനും ഒപ്പം വിലക്കയറ്റം തടയുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നും വ്യക്തമാക്കുമോ? | (സി) | സാധാരണക്കാരുടെ ജീവിതത്തെ ബാധിക്കുന്ന രീതിയിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി, വർദ്ധനവ് വരുത്തരുതെന്ന ശക്തമായ നിലപാട് നിരക്ക് പുന:സംഘടനയുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് യോഗത്തിലും തുടർന്നുള്ള ജി.എസ്.ടി കൗൺസിൽ യോഗത്തിലും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ വ്യക്തമായ നിലപാട് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിനെ അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി കൗൺസിലിൽ കേന്ദ്ര സർക്കാർ നയങ്ങൾക്കാണ് പ്രാമുഖ്യം എന്നതിനാൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ സംസ്ഥാനം നിതാന്ത പരിശ്രമം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | സർക്കാർ സംവിധാനങ്ങളായ സപ്ലൈകോ, കൺസ്യൂമർ ഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾ വഴി വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സർക്കാർ ഖജനാവിൽ നിന്നും പണം നൽകി സബ്സിഡി ഇനത്തിൽ നിത്യോപയോഗ സാധനങ്ങൾ സർക്കാരിന്റെ പൊതു വിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നുണ്ട്. വിലക്കയറ്റം തടയുന്നതിൽ പൊതുവിപണിയിലെ സർക്കാർ ഇടപെടൽ ഫലപ്രാപ്തി ഉണ്ടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ